LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി രൂപം നൽകിയിട്ടുള്ള പുഴമുതൽ പുഴവരെ എന്ന പദ്ധതിയിൽപ്പെടുത്തി മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം മുതൽ തിരുനാവായവരെയുള്ള ഭാരതപ്പുഴയുടെ തീരങ്ങളിൽ വൃക്ഷലതാദികൾ വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭാരതപ്പുഴയിലെ അനധികൃത മണൽഖനനവും കടത്തും തടയുന്നതിനായി തൃശ്ശൂർ, പാലക്കാട് ജില്ലയിൽ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും താലൂക്ക്-ജില്ലാതലത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതുമാണ്. വാഹനങ്ങൾ പുഴയിലിറക്കി മണൽ കയറ്റുന്നത് തടയുന്നതിനായി കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ഭാരതപ്പുഴ സംരക്ഷണ പദ്ധതികൾ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നകാര്യം സംസ്ഥാന ഉന്നതതല സമിതിയിൽ പരിശോധിക്കുന്നതാണ്.

(സി) നദീതീരസംരക്ഷണവുമായി ബന്ധപ്പെട്ടുള്ളതും, കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ജില്ലാ വിദഗ്ദ്ധ സമിതിയും സംസ്ഥാന ഉന്നതതല സമിതിയും അംഗീകരിക്കുന്ന പ്രവർത്തികൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നു.

(ഡി) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-10-2014 വരെ 13,04,73,179 രൂപ നിലവിലുണ്ട്. 1-7-2011 മുതൽ 31-10-2014 വരെയുള്ള റിവർ മാനേജ്മെന്റ് ഫണ്ട് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

ചാലക്കുടി താലൂക്കിൽപ്പെട്ട പുറമ്പോക്കുകളിൽ താമസിച്ചു വരുന്നവർക്ക് പട്ടയം

168(3090) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി താലൂക്കിൽപ്പെട്ട വില്ലേജുകളിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ച വരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭിച്ചതും പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്തതുമായ വിവിധ അപേക്ഷകളിൽ ഉടൻ പട്ടയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമികൾ പതിച്ചുനൽകുന്നത് സംബന്ധിച്ച് 30 കേസുകളിൽ നടപടികൾ പൂർത്തിയാക്കി ഭൂമിപതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2. പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ് എന്നിവയിൽ ഉൾപ്പെട്ട മുഴുവൻ പട്ടയകേസുകളിലും സംയുക്ത പരിശോധന പൂർത്തിയാക്കുകയും എന്നാൽ, ബന്ധപ്പെട്ട വകുപ്പുകളുടെ NOC ലഭ്യമായിട്ടില്ലാത്തതുമാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മേച്ചിൽ സ്ഥലങ്ങൾ, കളം, ചിറ തുടങ്ങിയ ഭൂമികളിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ ഡീവെസ്റ്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

4. പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ള 7 കേസുകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംയുക്ത പരിശോധന പൂർത്തിയാക്കിയ കേസുകളിൽ ബന്ധപ്പെട്ട വകുപ്പിന്റെ NOC ലഭിച്ചാലുടൻ പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്ത കേസുകളിൽ പട്ടയം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) മറ്റ് അപേക്ഷകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ റിപ്പോർട്ടിന്റെയും NOC-യുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി

169(3091) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിലിട്ടറി ലാന്റ് ലഭിക്കുന്നതിനുള്ള വരുമാനപരിധി ഇപ്പോൾ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly